ഉത്തരം

(എ) 833 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

(ബി) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

ജൂഡീഷ്യൽ അന്വേഷണങ്ങളുടെ എണ്ണം

99 (100) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷം ആവശ്യപ്പെട്ട പ്രകാരം ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ച് ജൂഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തി ; അവയിൽ എത്രയെണ്ണത്തിൻമേലുള്ള റിപ്പോർട്ടുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് സമർപ്പിച്ചു ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചു ; അവയിൽ എൻക്വയറി കമ്മീഷൻ ആക്ട് അനുസരിച്ച് നിയമിക്കപ്പെട്ട കമ്മീഷനുകൾ ഏതെല്ലാമാണ് ;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് ഇപ്പോഴത്തെ പ്രതിപക്ഷം ആവശ്യപ്പെട്ട പ്രകാരം എത്ര ജൂഡീഷ്യൽ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട് ; ഏതെല്ലാം വിഷയം സംബന്ധിച്ചാണ് ഈ ജൂഡീഷ്യൽ അന്വേഷണങ്ങൾ നടത്തിയത് ;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് നടത്തിയിട്ടുള്ള അന്വേഷണങ്ങളിൽ ജൂഡീഷ്യൽ അന്വേഷണങ്ങൾ അല്ലാത്തവ ഏതെന്നും ഈ അന്വേഷണങ്ങൾ നടത്തിയത് ആരാണെന്നും എന്തിനെയെല്ലാം പറ്റിയാണെന്നും പറയുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കെതിരെയുള്ള കേസുകൾ

100 (101) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരുടെ മേൽ കോടതി മുമ്പാകെ ക്രിമിനൽ കേസുകൾ നിലനിന്നിരുന്നു ;

(ബി) ആരുടെയെല്ലാം പേരിലാണ് ക്രിമിനൽ കേസ്സുകളുണ്ടായിരുന്നത് ;

(സി) ഏതെല്ലാം കുറ്റങ്ങളാണ് ഇവരുടെമേൽ ചാർജ്ജ് ചെയ്തിരുന്നത് ;

(ഡി) ഈ കേസ്സുകളുടെ ഇന്നത്തെ അവസ്ഥയെന്തെന്ന് അറിയിക്കുമോ ?

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly